# അനുബന്ധ പഠനങ്ങൾ


യേശുവിന്റെ
ശുശ്രൂഷാകാലത്തെ
പാലസ്തീൻ
ഒലിവ് മല
യെരീഹോ
യെരുശലേം
ബെത്ത്ഫേഗാ
ബെഥാന്യ
ചാവു
കടൽ
ഗലീല
ഗലീലാ
കടൽ
ദെക്കപ്പൊലി
ശമര്യ
യോർദ്ദാൻ നദി
മഹാ നദി
പെരെയ
എഫ്രയിം?
യെരീഹോ
യെരുശലേം
ബെത്ത്ഫേഗാ
ബെഥാന്യ
യെഹൂദ്യ
ചാവു
കടൽ
മൈൽ 0 10 20
കി.മീ 0 10 20 30

## യേശുവും/അല്ലെങ്കിൽ തിരുവെഴുത്തുകളും

യേശുവും തിരുവെഴുത്തുകളും എന്ന വിഷയത്തെ കുറിച്ച് അടുത്ത കാലത്ത് വിവാദം ഉയരുകയുണ്ടായി. നമ്മുടെ മനോഭാവം "യേശുവിന്റേതുപോലെ ആകണം; അതെ, പക്ഷെ തിരുവെഴുത്തുമായിട്ട്, അല്ല" എന്നും ആണ് ചിലർ പറയുന്നത്. യേശുക്രിസ്തു ഉണ്ടെന്ന് പറഞ്ഞിട്ട് വചനത്തെ തള്ളിക്കളയുവാൻ സാധിക്കുമോ? യേശുവിനെ തിരുവെഴുത്തിൽനിന്നു വേർപെടുത്തുവാനാകുമോ?

### യേശുവിന് വിപരീത. തിരുവെഴുത്തുകൾ

ചെറിയ സത്യങ്ങളിന്മേൽ ഉടലെടുത്ത പോരാട്ടങ്ങളുണ്ടായിട്ടുണ്ട്, എന്നാൽ അതിന്റെ അവസാനം അവർ സത്യത്തെ കോട്ടിമറിച്ചുകളയും. നാം തിരുവെഴുത്തുകളെ അല്ല, മറിച്ച് യേശുവിനെ ആണ് ആരാധിക്കുന്നത് എന്നത് വാസ്തവമാണ്. യേശുവിനെയാണ് നമ്മുടെ ഹൃദയത്തിൽ ഉയർത്തേണ്ടത്. ആകാശത്തിലും ഭൂമിയിലും അവനാണ് സകല അധികാരവും ഉള്ളത് (മത്തായി 28:18). അവന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങി അവനെ ഏറ്റു പറയും (ഫിലിപ്പിയർ 2:9–11). അത്തരം ധ്യാനത്തിനു തിരുവെഴുത്ത് അർഹമല്ല.

തിരുവെഴുത്തുകളെ ഉയർത്തുവാനുള്ളതല്ല. തിരുവെഴുത്ത് വെളിപ്പെടുത്തിയ പരിശുദ്ധാത്മാവിനെ സംബന്ധിച്ചും അതു വാസ്തവമാണ്. അപ്പൊസ്തലന്മാരെ സകലസത്യത്തിലും വഴി നടത്തിയ പരിശുദ്ധാത്മാവിനെ കുറിച്ച് (യോഹന്നാൻ 16:13) യേശു പറഞ്ഞു, "അവൻ എനിക്കുള്ളതിൽ നിന്നു നിങ്ങൾക്ക് അറിയിച്ചുതരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും" (യോഹന്നാൻ 16:14). ആത്മാവ് നൽകിയ വെളിപ്പാടിൽ യേശുവിനെ മഹത്വപ്പെടുത്തുകയാണ്, അല്ലാതെ ആത്മാവിനെയോ ആത്മാവ്-നൽകിയ തിരുവെഴുത്തുകളെയോ അല്ല. യേശുവിനെ മഹത്വപ്പെടുത്തേണ്ടതിനുപകരം ആത്മാവിനെയോ തിരുവെഴുത്തുകളെയോ മഹത്വപ്പെടുത്തിയാൽ യേശുവിന് അർഹമായ മഹത്വം കവർന്നെടുക്കുകയായിരിക്കും ചെയ്യുന്നത്.

### യേശുവും തിരുവെഴുത്തുകളും

തിരുവെഴുത്തുകൾ പ്രാധാന്യമുള്ളതാണ് കാരണം അവ യേശുവിനെ വെളിപ്പെടുത്തുന്നതും അവന്റെ ഉപദേശങ്ങൾ അതിൽ ഉൾപ്പെടുകയും ചെയ്യുന്നു. തിരുവെഴുത്തുകളെ കൂടാതെ നമുക്ക് (1) യേശുവിന്റെ പരിജ്ഞാനമില്ല, (2) യേശു ക്രിസ്തു ആണെന്നു തെളിയിക്കുന്ന പ്രവചനങ്ങളും ഉണ്ടാകുകയില്ല, (3) അവൻ ദൈവപുത്രനാണെന്ന് ഉറപ്പിക്കുന്ന അത്ഭുതങ്ങളും ഉണ്ടാകുകയില്ല, (4) നമ്മുടെ വിശ്വാസത്തിനു ഒരടിസ്ഥാനവുമില്ല, (5) നമുക്ക് പിൻപറ്റേണ്ടതിന്, അവന്റെ ജീവിത മാതൃകയുമുണ്ടാകയില്ല, (6) എങ്ങനെ രക്ഷിക്കപ്പെടണമെന്ന് നമുക്ക് അറിയുവാനും സാധ്യമല്ല.

### തിരുവെഴുത്തുകൾ കൂടാതെ യേശുവിന്റെ പരിജ്ഞാനമില്ല

തിരുവെഴുത്തുകൾ വായിച്ചുകൊണ്ടിരുന്ന എത്യോപ്യക്കാരനായ ഒരു

ഷണ്ഡനെ ഫിലിപ്പൊസ് കണ്ടുമുട്ടി. ഐത്യോപ്യൻ യെശയ്യാവ് 53:7 നെക്കുറിച്ച് ഒരു ചോദ്യം ചോദിക്കുകയും ഫിലിപ്പൊസ് യേശുവിനെ കുറിച്ച് പഠിപ്പിക്കുകയും ചെയ്തു. എങ്ങനെ? “ഫിലിപ്പൊസ് ഈ തിരുവെഴുത്തു ആധാരമാക്കി അവനോട് യേശുവിനെ കുറിച്ചുള്ള സുവിശേഷം അറിയിപ്പാൻ തുടങ്ങി” (പ്രവൃത്തികൾ 8:35). തിരുവെഴുത്ത് അവനോട് വിശദീകരിച്ചതാണ് ഫിലിപ്പൊസ് ഷണ്ഡനെ പഠിപ്പിച്ചത്.

### യേശു ക്രിസ്തു ആണെന്ന് തിരുവെഴുത്തിലെ പ്രവചനം തെളിയിക്കുന്നു

തിരുവെഴുത്തുകൾ തന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നതായി ക്രിസ്തു പഠിപ്പിക്കയുണ്ടായി. അവൻ യെഹൂദന്മാരോട് പറഞ്ഞു, “നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്ക് നിത്യജീവൻ ഉണ്ടെന്ന് നിങ്ങൾ നിരൂപിക്കുന്നുവല്ലൊ, അവ എനിക്ക് സാക്ഷ്യം പറയുന്നു” (യോഹന്നാൻ 5:39). യേശു അപ്പൊസ്തലന്മാർക്ക് തിരവെഴുത്തുകളെ ബോധ്യപ്പെടുത്തി കൊടുത്തു. മോശെയുടെ ന്യായപ്രമാണവും പ്രവാചക പുസ്തകങ്ങളും സങ്കീർത്തനങ്ങളും നിറവേറിയത് എങ്ങനെ എന്ന് അവൻ അവർക്ക് കാണിച്ചുകൊടുത്തു (ലൂക്കൊസ് 24:44, 45). യേശു പ്രവചനം നിറവേറ്റി എന്ന് തിരുവെഴുത്തുകളെ ഉദ്ധരിച്ചുകൊണ്ട് പത്രൊസ് പെന്തെക്കൊസ്തുനാളിൽ പ്രസംഗിക്കുകയുണ്ടായി (പ്രവൃത്തികൾ 2:25–36).

യേശു ക്രിസ്തു ആണെന്നു ആളുകൾ സ്വീകരിക്കേണ്ടതിന് പൗലൊസ് തിരുവെഴുത്തിലെ പ്രവചനങ്ങൾ ഉദ്ധരിക്കുക പതിവായിരുന്നു. “പൗലൊസ് പതിവുപോലെ അവരുടെ പള്ളികളിൽ ചെന്ന് മുന്നു ശബ്ബത്തുകളിൽ തിരുവെഴുത്തുകളെ ആധാരമാക്കി അവരോട് വാദിച്ചു. ക്രിസ്തു കഷ്ടം അനുഭവിക്കയും മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേല്ക്കയും ചെയ്യേണ്ടത് എന്നും ഞാൻ നിങ്ങളോട് അറിയിക്കുന്ന ഈ യേശു തന്നെ ക്രിസ്തു എന്നും തെളിയിച്ചു വിവരിച്ചുകൊണ്ടിരുന്നു” (പ്രവൃത്തികൾ 17:2, 3). അപ്പൊസ്തലന്മാരെല്ലാം ഇതുപോലെയാണ് തിരുവെഴുത്തുകളെ ഉപയോഗിച്ചിരുന്നത്.

### യേശുവിന്റെ അത്ഭുതങ്ങൾ തെളിവിനായി രേഖപ്പെടുത്തിയിരിക്കുന്നു

തിരുവെഴുത്തു കൂടാതെ, യേശു ദൈവപുത്രനാണെന്നു തെളിയിക്കുവാൻ സാധ്യമല്ല. യേശു ചെയ്ത അത്ഭുതങ്ങളാൽ അവനെ അംഗീകരിച്ചതായി ദൈവം കാണിച്ചിരിക്കുന്നു (പ്രവൃത്തികൾ 2:22). നാം യേശുവിനെ ക്രിസ്തുവായി സ്വീകരിക്കേണ്ടതിനാണ് അവന്റെ അത്ഭുതങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. “ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു.” (യോഹന്നാൻ 20:30, 31).

### തിരുവെഴുത്താണ് യേശുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനം

വെളിപ്പെടുത്തിയ വചനത്തിന്റെ അടിസ്ഥാനത്തിലാണ് യേശുവിലുള്ള

നമ്മുടെ വിശ്വാസം. അപ്പൊസ്തലന്മാരുടെ വചനം കേട്ട് തന്നിൽ വിശ്വസി പ്പാനിരിക്കുന്നവർക്ക് വേണ്ടി യേശു പ്രാർത്ഥിക്കയുണ്ടായി. ദൈവത്തിന്റെ വചനം കേൾക്കുന്നതിനാലാണ് വിശ്വാസം വരുന്നത്. ബെരോവയിലുള്ള വർ വിശ്വസിക്കുവാനിടയായത് "വചനം കേൾക്കുക മാത്രം ചെയ്യാതെ അത് അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു വന്നതുകൊണ്ടായിരുന്നു" (പ്രവൃത്തികൾ 17:11, 12). വചനം കൂടാതെ യേശു ക്രിസ്തു ആണെന്ന് നമുക്ക് തീർച്ചപ്പെടുത്തുവാൻ സാധ്യമല്ല.

### നമുക്ക് ഒരു മാതൃകയായിട്ടാണ് യേശുവിന്റെ ജീവിതം വെളിപ്പെടുത്തിയിരിക്കുന്നത്

യേശു ക്രിസ്തുവാണെന്ന തെളിവ് മാത്രമല്ല തിരുവെഴുത്ത് നൽകുന്നത്, അങ്ങനെ നമുക്ക് അവനിൽ വിശ്വസിക്കുവാനും, നമുക്ക് പിൻപറ്റേണ്ട ഒരു മാതൃകയായി അവന്റെ ജീവിതത്തെ അതു വെളിപ്പെടുത്തുകയും ചെയ്യു ന്നു. "അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതതാകുന്നു" (1 യോഹന്നാൻ 2:6). വചനം കൂടാതെ, അവൻ എങ്ങനെ ജീവിച്ചു എന്ന് നമുക്ക് അറിയില്ല. അവന്റെ ജീവിതത്തോട് നമുക്ക് അനുരൂപപ്പെടുവാനും സാധ്യമല്ല.

### തിരുവെഴുത്തു മുഖാന്തരമാണ് രക്ഷാ പരിജ്ഞാനം വരുന്നത്

തിരുവെഴുത്ത് യേശുവിനെ വെളിപ്പെടുത്തുന്നതുകൊണ്ട്, നമുക്ക് രക്ഷ യുടെ ഉറവിടമുണ്ട്, അതു കൂടാതെ എങ്ങനെ രക്ഷിക്കപ്പെടുമെന്ന് നമുക്ക് അറി യില്ല. തിരുവെഴുത്തുകൂടാതെ രക്ഷിക്കപ്പെടുമെങ്കിൽ യേശുവിനെ കുറിച്ചുള്ള അറിവ് കൂടാതെ ആയിരിക്കും, പക്ഷെ ക്രിസ്തുവിനെ കുറിച്ചുള്ള അറിവ് കൂടാതെ നമുക്ക് രക്ഷിക്കപ്പെടുവാൻ സാധ്യമല്ല. യേശുവിനെ കുറിച്ചുള്ള ഏക അടിസ്ഥാന വിവരങ്ങളാണ് തിരുവെഴുത്ത്. അതുകൊണ്ടാണ് തിരുവെഴുത്ത് നമ്മെ രക്ഷയിലേക്ക് നയിക്കുന്ന പരിജ്ഞാനശക്തിയായിരിക്കുന്നത്. പൗലൊസ് തിമൊഥെയൊസിനോട് പറയുന്നത് വിശുദ്ധതിരുവെഴുത്തുകൾ അവനെ "രക്ഷക്ക് ജ്ഞാനിയാക്കുന്നു എന്നാണ്" (2 തിമൊഥെയൊസ് 3:15).

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന് വെളിപ്പെടുത്തിയിരിക്കുന്ന, ദൈവ ത്തിന്റെ വചനം ആണ് തിരുവെഴുത്ത് (പ്രവൃത്തികൾ 11:14; 1 കൊരിന്ത്യർ 15:2), അതു നമ്മെ പാപത്തിൽനിന്നു സ്വാതന്ത്ര്യം വരുത്തുന്നു (യോഹന്നാൻ 8:31, 32), അതിൽ നിരപ്പിന്റെ ശുശ്രൂഷ അടങ്ങിയിരിക്കുന്നു (2 കൊരിന്ത്യർ 5:19), അതു നിത്യജീവൻ നൽകുന്നു (യോഹന്നാൻ 6:68), വിശുദ്ധീകരണത്തിന്റെ ഉറവിടവും അതാണ് (യോഹന്നാൻ 17:17), അതു നമുക്ക് അവകാശം നൽകുന്നു (പ്രവൃത്തികൾ 20:32), വീണ്ടും ജനനത്തിന്റെ അടിസ്ഥാനവും അതാണ് (1 പത്രൊസ് 1:23).

### ഉപസംഹാരം

യേശുവും തിരുവെഴുത്തും തമ്മിൽ തിരഞ്ഞെടുപ്പ് അസാധ്യമാണ്; രണ്ടും നമുക്ക് ആവശ്യമാണ്. തിരുവെഴുത്തുകൂടാതെ നമുക്ക് യേശുവി നെയോ, യേശുവിനെ കുറിച്ചോ അറിയുവാൻ സാധ്യമല്ല. ദൈവത്തിന്റെ വചനം നമ്മുടെ രക്ഷക്ക് അനിവാര്യമാണ്:യേശുവിനെ കുറിച്ച് വെളിപ്പെടു

ത്തിയ തിരുവെഴുത്ത് നമുക്ക് ഇല്ലായിരുന്നുവെങ്കിൽ നാം എന്നേക്കുമായി നഷ്ടപ്പെടുമായിരുന്നു.

തിരുവെഴുത്തിനെ തരം താഴ്ത്തുന്നവർ ദൈവശ്വാസിയമായി മനുഷ്യർക്ക് ദൈവം വെളിപ്പെടുത്തിയതിനെ നഷ്ടപ്പെടുത്തുകയാണ് (2 തിമൊഥെയൊസ് 3:16). തിരുവചന പഠനം മുഖാന്തരമാണ് “ദൈവത്തിന്റെ മനുഷ്യനെ സകലസൽപ്രവൃത്തിക്കും തികഞ്ഞവനാക്കുന്നത്'' (2 തിമൊഥെയൊസ് 3:17). തിരുവെഴുത്തിനെ മാറ്റി നിർത്തുന്നവർ നമ്മുടെ പ്രത്യാശയെ മാറ്റി നിർത്തുകയാണ് (റോമർ 15:4), സ്വർഗീയജീവിതത്തിന്റെ പ്രത്യാശയും അവർ അകറ്റി നിർത്തുന്നു (1 പത്രൊസ് 1:3, 4).

ഓവെൻ ഡി. ഓൾബ്രൈറ്റ്